## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1664** **05-07-2022 - ൽ മറുപടിയ്ക്ക്**

## ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോളേജ് വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിനായുള്ള ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കേരളത്തിലെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ച് കൊണ്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച പദ്ധതിയാണ് ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി (ഡിജിറ്റൽ എനേബിൾമെൻറ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള). ഈ പദ്ധതി, മിഷൻ രീതിയിൽ നടപ്പാക്കുന്നതിനും സംസ്ഥാനതല ഏകോപനം നടത്തുന്നതിനും സ.ഉ.(സാധാ) നം.983/2021/ഉ.വി.വ തീയതി 30.07.2021 പ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെൻറ് സിസ്റ്റത്തിൽ കൊണ്ടു വരികയാണ് ഡിജിറ്റൽ എനേബിൾമെൻറ് ഓഫ് ഹയർ എഡ്യുക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. LMS നടപ്പി ലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യ മായ ഓൺലൈൻ പഠനസംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. സംസ്ഥാന ത്തെ വിവിധ സർവ്വകലാശാലകൾ ഐ.എച്ച്.ആർ. ഡി, എൽ.ബി.എസ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ട റേറ്റ്, എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവ്വ കലാശാല എന്നീ സ്ഥാപനങ്ങളും ഇതിന്റെ ഭാഗമാ കുന്നതാണ്. ചെലവുകുറഞ്ഞതും എന്നാൽ അതി വേഗം തന്നെ പ്രാവർത്തികമാക്കാൻ കഴിയുന്നതു മായ ഒരു കേന്ദ്രീകൃത മാതൃകയാണ് നടപ്പിലാക്കാൻ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാന പ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. സർവ്വകലാശാലകളിലെയും കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു. ഇതുപയോഗിച്ച് ഓരോ കോളേജിനും യൂണിവേഴ്സിറ്റിയ്ക്കും അവരുടേതായ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കാവുന്നതാണ്. സംസ്ഥാനത്തെ 22 കോളേജുകളിൽ ഓൺലൈൻ ക്ലാസുകൾക്കായുള്ള ഏകീകൃത പ്ലാറ്റ്ഫോം (MOODLE LMS) Digital University Server സംവിധാനത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. 31 കോളേജുകളുടെ പരിശീലന പരിപാടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) | ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഫാക്കൽറ്റി ഡെവലപ്മെൻറ് സെൻറർ മൂഡിൽ LMS - മായി ബന്ധപ്പെട്ട അദ്ധ്യാപക പരിശീലന പരിപാടികൾ രണ്ട് തലത്തിലാണ് സംഘടിപ്പിക്കുന്നത്.<br>1. സംസ്ഥാനതലം<br>2. ഇൻസ്റ്റിറ്റ്യൂഷണൽ തലം<br>സംസ്ഥാനത്തെ 22 കോളേജുകളിൽ ഓൺലൈൻ ക്ലാസുകൾക്കായുള്ള ഏകീകൃത പ്ലാറ്റ്ഫോം - DIGICOL (MOODLE LMS) Digital University Server സംവിധാനത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. 31 കോളേജുകളുടെ പരിശീലന പരിപാടി കൾ പൂർത്തിയായി. പരിശീലന പരിപാടികളിൽ നാളിതു വരെ 2,267 അദ്ധ്യാപകർക്ക് മൂഡിൽ LMS-ൽ പരിശീലനം നൽകുകയുണ്ടായി. |
| (സി) | ഇതിന്റെ ഭാഗമായുള്ള പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കരിക്കുലം പരിഷ്കരണ നടപടികൾ ആരംഭിക്കുന്നത് പരിഗണി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ